പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2008 07-12-2015 - ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.സി.കെ.നാണു**<br>**ശ്രീമതി.ജമീലാ പ്രകാശം**<br>**ശ്രീ.ജോസ് തെറ്റയിൽ**<br>**ശ്രീ.മാത്യു റ്റി.തോമസ്:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | കേരളത്തിൽ എത്ര മത്സ്യബന്ധന തുറമുഖങ്ങളും ഫിഷ് ലാന്റിംഗ് സെന്ററുകളുമാണ് പ്രവർത്തിക്കുന്നതെന്നും അവ എതെല്ലാമാണെന്നും വ്യക്തമാക്കാമോ ; | എ) | കേരളത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ പ്രവർത്തനക്ഷമമായ 13 മത്സ്യബന്ധന തുറമുഖങ്ങളുണ്ട് (ഹാർബറുകൾ). തുറമുഖങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.<br>07/12/2013 ലെ സർക്കാർ ഉത്തരവ് നമ്പർ 73/2013/മ.തു.വ പ്രകാരം 187 ഫിഷ്ലാന്റിംഗ് സെന്ററുകൾ ലിസ്റ്റ് ചെയ്ത് ഉത്തരവ് പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പ്രസിദ്ധീകരിച്ച ലിസ്റ്റിൽ പല ലാന്റിംഗ് സെന്ററുകളും പ്രവർത്തിക്കുന്നില്ല എന്നും ലിസ്റ്റിൽ പെടാത്ത ലാന്റിംഗ് സെന്ററുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കോസ്റ്റ് ഗാർഡ്, ഫിഷറീസ് വകുപ്പ്, കോസ്റ്റൽ പോലീസ്എന്നിവർ സംയുക്തമായി പരിശോധന നടത്തി 204 ലാന്റിംഗ് സെന്ററുകൾ ഉള്ളതായി റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി 204 ലാന്റിംഗ് സെന്ററുകൾ / പോയിന്റുകൾ നോട്ടിഫൈ ചെയ്യുന്നതിന്റെ നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എന്ത് തുക ചെലവഴിച്ച ; | ബി) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ 33,22,277 രൂപ ചെലവഴിച്ചു. |
| സി) | പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിഴിഞ്ഞം പ്രോജക്ട് ഏര്യയിലെ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ പ്രവൃത്തി വെർട്ടിക്കൽ എക്സ്റ്റൻഷൻ ഓഫ് ഗ്രോയിൻ എന്നീ പ്രവൃത്തികൾ നടപ്പിലാക്കി. |

| | | | |
|---|---|---|---|
| ഡി) | പ്രസ്തുത തുറമുഖം എന്നേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | ഡി) | വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്ത് അവശേഷിക്കുന്ന പ്രവൃത്തികളായ ബണ്ട് സംരക്ഷണം, ശേഷിക്കുന്ന ചുറ്റുമതിൽ. ഡ്രഡ്ജിംഗ് എന്നിവയ്ക്ക് 737 ലക്ഷം രൂപയുടെ ഭരണാനുമതി VISIL ന്റെ Corporate Social Responsibility(CSR) പദ്ധതിയിൽ നൽകിയിട്ടുള്ളതും, പ്രസ്തുത പ്രവൃത്തി ഏർപ്പാടാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നതുമാണ്. ടി പ്രവൃത്തി പൂർത്തീകരിക്കുവാൻ ചുരുങ്ങിയത് 1 വർഷം ആവശ്യമാണ്. ആയതിനുശേഷം കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## മത്സ്യബന്ധന തുറമുഖങ്ങളുടെ ലിസ്റ്റ്

| ക്രമ നം. | ജില്ല | ക്രമ നം. | മത്സ്യബന്ധന തുറമുഖം |
|---|---|---|---|
| 1 | തിരുവനന്തപുരം | 1 | വിഴിഞ്ഞം |
| 2 | കൊല്ലം | 2 | നീണ്ടകര |
| | | 3 | തങ്കശ്ശേരി |
| 3 | ആലപ്പുഴ | 4 | കായംകുളം |
| | | 5 | തോട്ടപ്പള്ളി |
| 4 | എറണാകുളം | 6 | മുനമ്പം |
| 5 | മലപ്പുറം | 7 | പൊന്നാനി |
| 6 | കോഴിക്കോട് | 8 | ചോമ്പാൽ |
| | | 9 | പുതിയാപ്പ |
| | | 10 | ബേപ്പൂർ |
| 7 | കണ്ണൂർ | 11 | മാപ്പിളബേ |
| | | 12 | അഴീക്കൽ |
| 8 | കാസർഗോഡ് | 13 | ചെറുവത്തൂർ |

സെക്ഷൻ ഓഫീസർ